# ഖുർആനിന്റെ സമുദായമേ, വിശുദ്ധ ഖുർആൻ!!!

﴿ القرآن كتاب الله، وكلام الله ﴾

[ مليالم – Malayalam – മലയാളം]


മുഹമ്മദ് അർറക്ബാൻ
/ദാറുൽ വത്വൻ, റിയാദ്

إعداد / محمد الركبان

വിവർത്തനം:
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

ترجمة : سيد سعفر صادق



islamhouse.com
1436 - 2014

بِسْمِ اللهِ الرَّحْمَنِ الرَّحِيم

സ്തുതികൾ അഖിലവും ലോക രക്ഷിതാവിന്, നബി(ﷺ)യിലും, കുടുംബങ്ങളിലും, അനുചരരിലും രക്ഷയും സമാധാനവും സദാ വർഷിക്കുമാറാവട്ടെ.

അന്ധകാരങ്ങളുടെ പടുകുഴിയിൽ നിന്ന് മനുഷ്യരെ രക്ഷിക്കാനായി അല്ലാഹു നമ്മുടെ നബിയായ മുഹമ്മദ്(ﷺ)യെ നിയോഗിക്കുകയുണ്ടായി, ആ പ്രവാചകനെ വ്യക്തമായ ദൃഷ്ടാന്തങ്ങളും, മഹത്വരമായ മുഅ്ജിസത്തുകളും നൽകി സ്തുത്യർഹനായ അല്ലാഹു ആദരിക്കുകയുണ്ടായി.

അതിൽ ഏറ്റവും അനുഗ്രീതവും, അമൂല്യമായ സ്ഥാനവും, മഹത്വരവുമായത് വിശുദ്ധ ഖുർആനാകുന്നു. നബി(ﷺ) പറയുന്നു:

قال النبي ﷺ (ما من نبي من الأنبياء إلا قد أعطي من الآيات ما آمن على مثله البشر، وإنما الذي كان أوتيته وحياً أوحاه الله إليّ، فأرجو أن أكون أكثرهم تابعاً يوم القيامة ) (متفق عليه)

നബി(ﷺ) പറഞ്ഞു:'മനുഷ്യർ പ്രവാചകന്മാരിൽ വിശ്വസിക്കേണ്ടതിനായി വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകപ്പെടാത്ത ഒരു പ്രവാചകനും ഉണ്ടായിട്ടില്ല. നിശ്ചയം എനിക്ക് നൽകപ്പെട്ടത് വഹ്‌യാ(ദിവ്യസന്ദേശമാ)കുന്നു. അവസാന നാളിൽ ഏറ്റവും കൂടുതൽ ആളുകൾ പിൻപറ്റപ്പെട്ടവൻ ഞാനാകുവാൻ ഞാൻ ആഗ്രഹിക്കുന്നു' (മുത്തഫഖുൻ അലൈഹി).

അത് അല്ലാഹുവിന്റെ വിശുദ്ധ ഖുർആനാകുന്നു, അവന്റെ അനുഗ്രഹീതമായ വഹ്‌യാ(ദിവ്യസന്ദേശമാ)കുന്നു.

(...كِتَابٌ أُحْكِمَتْ آيَاتُهُ ثُمَّ فُصِّلَتْ مِن لَّدُنْ حَكِيمٍ خَبِيرٍ) ( هود:1 )

(ഒരു പ്രമാണ ഗ്രന്ഥമത്രെ ഇത്. അതിലെ വചനങ്ങൾ ആശയഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വിശദീകരിക്കപ്പെട്ടിരിക്കുന്നു.യുക്തിമാനും സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ളതത്രെ അത്) (ഹൂദ്:1).

ഖുർആൻ... ഇറക്കപ്പെട്ട അല്ലാഹുവിന്റെ കലാമാകുന്നു, അത് സൃഷ്ടിയല്ല, അവനിൽ നിന്നാണത് ആരംഭിച്ചത്, അവനിലേക്ക് തന്നെ അത് മടക്കപ്പെടുകയും ചെയ്യും...

(وَإِنَّهُ لَتَنزِيلُ رَبِّ الْعَالَمِينَ (*) نَزَلَ بِهِ الـرُّوحُ الْأَمِـينُ (*) عَلَىٰ قَلْبِـكَ لِتَكُـونَ مِـنَ الْمُنـذِرِينَ (*) بِلِسَانٍ عَرَبِيٍّ مُّبِينٍ ) (الشعراء:192-195)

(തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്ഥാത്മാവ് (ജിബ്രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു. നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്) (ശുഅറാഅ്: 192-195)

അത് വ്യവസ്ഥിതിയിൽ ഏറ്റവും ഭംഗിയുള്ളതും, വിശദീകരണത്തിൽ സമ്പൂർണ്ണവും, വാക്കുകളിൽ സ്ഫുടതയും, ഹലാലിന്റെയും ഹറാമിന്റെയും കാര്യത്തിൽ ഏററവും വ്യക്തതയുമുള്ള ഗ്രന്ഥം...

(...لَا يَأْتِيهِ الْبَاطِلُ مِن بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِ تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ ) (فصلت:42)

(അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല.യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്.) (ഫുസ്സ്വിലത്ത്:42)

ആ ഗ്രന്ഥം മുൻഗാമികളെ കുറിച്ചു ഉണർത്തുകയും, നിങ്ങൾക്ക് ശേഷമുള്ളവരെ സംബന്ധിച്ചു അറിയിച്ചു തരികയും, നിങ്ങൾക്കിടയിൽ വിധി നടപ്പിലാക്കിയിരിക്കുന്നു...

അതി(ഖുർആനി)ലുള്ളത് അതീവ ഗൗരവതരമാണ്, തമാശയല്ല, അഹങ്കാരം മുഖേന അതിനെ ആരെങ്കിലും ഉപേക്ഷിച്ചാൽ അല്ലാഹു അവനോട് പകരം വീട്ടുന്നതാണ്,അതല്ലാത്ത മാർഗദർശനം ആരെങ്കിലും സ്വീകരിച്ചാൽ അല്ലാഹു അവനെ വഴികേടിലാക്കുന്നതാണ്, അത് അല്ലാഹുവിന്റെ ബലിഷ്ടമായ കയറും, യുക്തിമത്തായ ദിക്റും, ചൊവ്വായ മാർഗദർശനവുമാകുന്നു. അത് തന്നിഷ്ടത്തിലേക്ക് വഴിനടത്തുകയോ, നാവുകൾക്ക് ആശയകുഴപ്പമുണ്ടാക്കുകയോ ചെയ്യില്ല.അതിൽ നിന്ന് പണ്ഡിതന്മാർക്ക് വിശപ്പടങ്ങുകയോ, വിമർശനങ്ങളുടെ ആധിക്യം അതിനെ നശിപ്പിക്കുകയോ ചെയ്യില്ല.അതിലെ അത്ഭുതങ്ങൾ അവസാനിക്കുകയില്ല... അത് കൊണ്ട് ആരെങ്കിലും പറഞ്ഞാൽ അവൻ സത്യം പറഞ്ഞു, അത്കൊണ്ട് ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ പ്രതിഫലാർഹനായിരിക്കും, അത്കൊണ്ട് ആരെങ്കിലും വിധിച്ചാൽ അവൻ നീതി ചെയ്തു, ആരെങ്കിലും അതിലേക്ക് ക്ഷണിച്ചാൽ ചൊവ്വായ മാർഗത്തിലേക്കാണ് അവൻ മാർഗദർശനം നൽകിയിരിക്കുന്നത്..

(...لَّـٰكِنِ اللهُ يَشْهَدُ بِمَا أَنزَلَ إِلَيْكَ أَنزَلَهُ بِعِلْمِهِ وَالْمَلَآئِكَةُ يَشْهَدُونَ وَكَفَى بِاللهِ شَهِيداً)
(النساء:166)

(എന്നാൽ അല്ലാഹു നിനക്ക് അവതരിപ്പിച്ചു തന്നതിന്റെ കാര്യത്തിൽ അവൻ തന്നെ സാക്ഷ്യം വഹിക്കുന്നു.അവന്റെ അറിവിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് അവനത് അവതരിപ്പിച്ചിട്ടുള്ളത്. മലക്കുകളും (അതിന്) സാക്ഷ്യം വഹിക്കുന്നു. സാക്ഷിയായി അല്ലാഹു മതി) (നിസാഅ്:166).

ലോകർക്ക് അനുഗ്രഹമായിട്ടും, പ്രവേശിക്കുന്നവർക്ക് വ്യക്തമായ വഴിയായിട്ടും, മുഴുവൻ സൃഷ്ടികൾക്കെതിരെയുള്ള തെളിവുമായിട്ടാണ് അല്ലാഹു അതി(ഖുർആനി)നെ അവതരിപ്പിച്ചത്. മുൻഗാമികളുടെയും, പിൻഗാമികളുടെയും നേതാവിന്റെ അവശേഷിക്കുന്ന മുഅ്ജിസത്തുമാണത്...

അല്ലാഹു അതിന്റെ സ്ഥാനത്തെ പ്രതാപമാക്കുകയും, അതിന്റെ അധികാരത്തെ ഉന്നതമാക്കുകയും, ജനങ്ങൾക്കിടയിലുള്ള അതിന്റെ സ്ഥാനത്തെ ഘനമുള്ളതാക്കുകയും ചെയ്തിരിക്കുന്നു...

ആരെങ്കിലും അതിനെ ഉയർത്തിയാൽ അല്ലാഹു അവനെയും ഉന്നതിയിലാക്കുന്നതാണ്, ആരെങ്കിലും അതിനെ അവഗണിച്ചാൽ അല്ലാഹു അവനെയും അവഗണിക്കുന്നതാണ്..

قال ﷺ :(إن الله يرفع بهذا الكتاب أقواماً، ويضع به آخرين) (رواه مسلم)

നബി(ﷺ) പറഞ്ഞു:'ഈ ഗ്രന്ഥം മുഖേന അല്ലാഹു ചില സമൂഹങ്ങളെ ഉയർത്തുകയും, മറ്റുചിലരെ താഴ്ത്തുകയും ചെയ്യുന്നതാണ്'(മുസ്‌ലിം).

അത് ആദരവാണ്... എത്ര നല്ല ആദരവ്... നമ്മുടെ രക്ഷിതാവിന്റെ ഗ്രന്ഥം നമ്മുടെ കൈകളിൽ... നമ്മുടെ രക്ഷിതാവിന്റെ കലാം... എല്ലാത്തിനെയും ചൂഴ്ന്ന് നിൽക്കുന്ന വിജ്ഞാനം...

സഹോദരങ്ങളെ, ചിന്തിക്കൂ... ഖുർആനുമായി നമ്മുടെ അവസ്ഥ എന്താണ്?

ഖുർആനിനോട് നാം കാണിക്കേണ്ട മര്യാദയും ഇപ്പോൾ ഖുർആനുമായി നമ്മുടെ അവസ്ഥയും തമ്മിൽ അനന്തമായ അന്തരവും, വിശാലമായ വ്യത്യാസവും ഉണ്ട്.

പാരയണത്തിലും പഠനത്തിലും നാമതിനെ അവഗണിച്ചിരിക്കുന്നു, മന:പാഠമാക്കുന്നതിലും, ഒതുന്നതിലും അലസതയിലാകുന്നു,അതിനെ പ്പറ്റി ചിന്തിക്കുന്നതിലും പ്രവർത്തിക്കുന്നതിലും നാം അശ്രദ്ധയിലായി രിക്കുന്നു. അത്ഭുതകരം തന്നെ ഈ സമുദായത്തിന്റെ കാര്യം... മാഗ സിനുകളും, പത്രങ്ങളും വായിക്കുവാനും, സീരിയലുകളും, മറ്റു പരി പാടികളും കാണുവാനും, സംഗീതവും മറ്റു ആസ്വാദനങ്ങളും കേൾ ക്കുവാനുമാണ് അധികം സമയവും പാഴാക്കി കളയുന്നത്. അവരുടെ സമയങ്ങളിൽ വിശുദ്ധഖുർആനിന് സ്ഥാനമില്ല, അതിലെ അഭിസം ബോധനകളിൽ ഭയപ്പെടാനും, ഗുണപാഠമുൾകൊള്ളാനും അവസര വുമില്ല!!!

ഈ രണ്ടു കാര്യങ്ങളിൽ ഏത് കാര്യമാണ് അവർക്ക് കൂടുതൽ ഇ ഷ്ടകരം... ഈ രണ്ട് കാര്യങ്ങളിൽ ഏതാണ് അവരിലേക്ക് കൂടുതൽ അടുത്തത്

ﷺ يقول:( المرء مع من أحب يوم القيامة) ( متفق عليه)

റസൂലുല്ലാഹ്(ﷺ) പറയുന്നു:'ഒരു മനുഷ്യൻ തനിക്ക് ഏറ്റവും ഇഷ്ടമു ള്ളതിന്റെ കൂടെയായിരിക്കും പരലോകത്ത്'(മുത്തഫഖുൻ അലൈഹി).

നമ്മളിൽ ഒരാൾ ഖുർആൻ പാരായണം ചെയ്താൽ പദങ്ങൾ കൃ ത്യമായി ഉച്ചരിക്കാൻ കഴിയുന്നില്ല,അതിന്റെ ആശയങ്ങളെ സംബന്ധി ച്ചു ഉറ്റാലോചിക്കുവാനോ ഉദ്ദേശങ്ങളെ കുറിച്ചു മനസിലാക്കുവാനോ സാധിക്കുന്നില്ല...

കരഞ്ഞവർ കരയുകയും, ഭയഭക്തി കാണിച്ചവർ ഭയഭക്തി കാണി ക്കുകയും ചെയ്ത ആയത്തുകളിലൂടെ നമ്മൾ സഞ്ചരിച്ചാലും നമുക്ക് ഒന്നും അനുഭവപ്പെടുന്നില്ല, എന്തത്ഭുതം! അത് വല്ല മലയിലെങ്ങാനും അവതരിച്ചിരുന്നെങ്കിൽ...

(...لَّرَأَيْتَهُ خَاشِعاً مُّتَصَدِّعاً مِّنْ خَشْيَةِ اللَّهِ) (الحشر:21)

(അത് (പർവ്വതം) വിനീതമാകുന്നതും അല്ലാഹുവെപ്പറ്റിയുള്ള ഭയത്താ ൽ പൊട്ടിപ്പിളരുന്നതും നിനക്കു കാണാമായിരുന്നു) (ഹശ്ർ:21).

നമ്മുടെ ഹൃദയം മൃദുലമാവുന്നില്ല, മനസ്സുകൾക്ക് ഭയഭക്തി ലഭി ക്കുന്നില്ല, കണ്ണുകൾ കണ്ണുനീർ പൊഴിക്കുന്നില്ല, ഇത് വ്യക്തമാക്കിയ അല്ലാഹു പറഞ്ഞത് എത്ര സത്യം!

(...ثُمَّ قَسَتْ قُلُوبُكُم مِّن بَعْدِ ذَلِكَ فَهِيَ كَالْحِجَارَةِ أَوْ أَشَدُّ قَسْوَةً) ( البقرة:74)

(പിന്നീട് അതിന് ശേഷവും നിങ്ങളുടെ മനസ്സുകൾ കടുത്തുപോയി. അവ പാറപോലെയോ അതിനെക്കാൾ കടുത്തതോ ആയി ഭവിച്ചു) (അൽബഖറ:74).

നാം ആയത്തുകൾ ആവർത്തിച്ചു പാരായണം ചെയ്യുന്നു, ഉപദേശങ്ങൾ ആവർത്തിക്കപ്പെടുന്നു, എന്നാൽ അതിന്റെ ആശയം നമുക്ക് മനസിലാവുന്നില്ല,അതിന്റെ ലക്ഷ്യം നമുക്കുൾക്കൊള്ളാനാവുന്നില്ല, അതിന്റെ കാര്യം നമ്മെ ബാധിക്കാത്തതു പോലെ, അതിലെ അഭിസംബോധനകൾ നമ്മോട് പറയാത്തത് പോലെ നിന്റെ രക്ഷിതാവ് തന്നെയാണ് സത്യം! എന്താണ് الصَّمَدُ(നിരാശ്രയൻ)എന്നതിന്റെ ആശയം? എന്താണ് غَاسِقٍ إِذَا وَقَبَഎന്നതിന്റെ ഉദ്ദേശം? എന്താണ് الْخَنَّاسِ? നമ്മളിൽ എത്ര പേർ രാപ്പകലുകളിൽ ഇത് എത്ര പ്രാവശ്യം ഉരുവിടുന്നു' അറിയുമോ ആശയങ്ങൾ?

ഖുർആനിനെ ഇങ്ങനെ വെടിയുന്നതിനേക്കാൾ വലിയ വെടിയൽ മറ്റെന്തുണ്ട്? ഈ നഷ്ടത്തേക്കാൾ വലിയ നഷ്ടം മറ്റെന്തുണ്ട്?

والرسول ﷺ يقول: (والقرآن حجة لك أو عليك) (رواه مسلم)

റസൂലുല്ലാഹ്(ﷺ) പറയുന്നു: 'ഖുർആൻ നിനക്ക് സാക്ഷിയാവും, അല്ലെങ്കിൽ നിനക്കെതിരെ (സാക്ഷിയാവും)' (മുസ്‌ലിം).

قال عثمان رضي الله عنه: ( لو طهرت قلوبكم ما شبعت من كلام ربكم)

ഉഥ്മാൻ(رضي الله عنه) പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങൾ ശുദ്ധീകരിച്ചിരുന്നെങ്കിൽ നിങ്ങളുടെ രക്ഷിതാവിന്റെ കലാമുകളെ കൊണ്ട് നിങ്ങളുടെ വയറ് നിറയില്ലായിരുന്നു'.

ഖുർആനിന്റെ സമുദായമേ... കേൾക്കുക... അല്ലാഹു നിങ്ങളെ പരിഗണിക്കട്ടെ...

ഖുർആനിന്റെ ആളുകളെയും, അവരുടെ ശ്രേഷ്ടതകളെയും കുറിച്ച് അറിയുക, ഒരുപക്ഷേ ഓർമ്മപ്പെടുത്തൽ ഒരുറച്ച തീരുമാനമെടുക്കാനും, നാം ആ മഹത്തായ അനുഗ്രഹത്തെ കുറിച്ച് ചിന്തിക്കാനും ഒരു തുടക്കമായിരിക്കാം...

ഖുർആനിന്റെയാളുകൾ മാത്രമാണ് ഖുർആനിനെ തങ്ങളുടെ ജീവിതത്തിന്റെ മാർഗ രേഖയും, സ്വഭാവങ്ങളുടെ മാനദണ്ഡവുമാക്കിയിട്ടു

ള്ളത്, അവർക്കെ അതിനു സാധിക്കുകയുള്ളൂ, അവരുടെ പ്രതാപത്തിനും, സമാധാനത്തിനും നിധാനം വിശുദ്ധ ഖുർആൻ തന്നെ...

അല്ലാഹുവിന്റെ ഗ്രന്ഥത്തിന് അർഹമായ സ്ഥാനവും, അവകാശവും അവർ നൽകുകയുണ്ടായി,അതിന്റെ പാരായണവും മന:പാഠവും അതിന്റെ അവകാശമാണ്, ഉറ്റാലോചനയും ആശയങ്ങൾ യഥാർത്ഥ രൂപത്തിൽ മനസ്സിലാക്കലും അതിന്റെ അവകാശമാണ്, അത് പ്രാവർത്തികമാക്കലും, ജീവിതത്തിൽ പകർത്തലും അതിന്റെ അവകാശത്തിൽ പെട്ടതു തന്നെയാണ്...

അവരെ കുറിച്ച് വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നതു കാണുക:

(إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ آيَاتُهُ زَادَتْهُمْ إِيمَاناً وَعَلَى رَبِّهِمْ يَتَوَكَّلُونَ ) (الأنفال:2)

(അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ) (അൻഫാൽ:2).

ഖുർആനിന് അവർ അതിന്റെ യഥാർത്ഥ സ്ഥാനം നൽകിയതിനാൽ അല്ലാഹു അവരുടെ പദവികൾ ഉയർത്തുകയുണ്ടായി.

عن أنس بن مالكﷺ قال: قال رسول اللهﷺ إن لله تعالى أهلين من الناس، أهل القرآن هم أهل الله وخاصته) (رواه أحمد والنسائي)

അനസ്ബ്നു മാലിക്(ﷺ) നിവേദനം: റസൂലുല്ലാഹ്(ﷺ) പറഞ്ഞു: ‘ജനങ്ങളിൽ അല്ലാഹുവിന് രണ്ട് വിഭാഗം ആളുകളുണ്ട്, അതിൽ ഖുർആനിന്റെ ആളുകൾ അല്ലാഹുവിന്റെ ആളുകളും, അവന്റെ അടുത്തയാളുകളുമാകുന്നു’ (അഹ്മദ്, നസാഇ).

അവർ ഖുർആനിനെ മഹത്വപ്പെടുത്തി, അപ്പോൾ അവരെ അല്ലാഹുവും മഹത്വപ്പെടുത്തി’

عن أنس بن مالكﷺ قال: قال رسول اللهﷺ: إنّ من إجلال الله تعالى إكرام ذي الشيبة المسلم، وحامل القرآن غير الغالي فيه والجافي عنه ...الحديث) (رواه أبو داود)

അനസ്ബ്നു മാലിക്(ﷺ) നിവേദനം: റസൂലുല്ലാഹ്(ﷺ)പറഞ്ഞു:‘അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിൽ പെട്ടതാണ് വയോവൃദ്ധരായ മുസ്

ലീംകളെ ആദരിക്കലും, ഖുർആനിനെ അവഗണിക്കുകയോ, അതിര് കവിയുകയോ ചെയ്യാതെ പരിഗണിക്കുന്നതും' (അബൂദാവൂദ്).

ഒരാളുടെയും ശ്രേഷ്ടത പോലെയല്ല അവരുടെ ശ്രേഷ്ടത, അവരുടെ പ്രതാപം ഒരാളുടെയും പ്രതാപം പോലെയല്ല...

അവർ ജനങ്ങളിൽ വെച്ച് നല്ലരൂപത്തിൽ സംസാരിക്കുന്നവരാണ്, സദസ്സുകളിലും മറ്റും ഏറ്റവും ശ്രേഷ്ടരാണവർ, അവരുടെ സദസ്സുകളെ മലക്കുകൾ വലയം ചെയ്യുകയും, അവർക്ക് സമാധാനമിറങ്ങുകയും ചെയ്യും...

قالﷺ: وما اجتمع قوم في بيت من بيوت الله يتلون كتاب الله، ويتدارسونه بينهم إلا نزلت عليهم السكينة، وغشيتهم الرحمة، وحفتهم الملائكة، وذكرهم الله فيمن عنده) (رواه مسلم)

റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'സമാധാനമിറങ്ങാതെയും, കാരുണ്യം ചുറ്റിപ്പൊതിയാതെയും, മലക്കുകൾ വലയം ചെയ്യാതെയും, അല്ലാഹു അവന്റെയടുത്ത് ഉള്ളവരോട് അവരെപ്പറ്റി പറയാതെയും ഒരു സമൂഹവും അല്ലാഹുവിന്റെ വീടുകളിൽ ഒരു വീട്ടിലും അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയോ, അവർക്കിടയിൽ പഠനം നടത്തുകയോ ചെയ്യുന്നില്ല' (മുസ്ലിം)

ഖുർആനിന്റെ ആളുകളാണ് ഇമാമത്തിനും നേതൃത്വത്തിനുമർഹർ...

قالﷺ: يؤم الناس أقرؤهم لكتاب الله تعالى) (رواه مسلم)

റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'ഉന്നതനായ അല്ലാഹുവിന്റെ ഗ്രന്ഥം കൂടുതൽ പാരായണം ചെയ്യു(അറിയു)ന്നവർ ജനങ്ങൾക്ക് ഇമാമായി നിൽക്കട്ടെ' (മുസ്ലിം).

നബി(ﷺ)യുടെ അടുത്ത് ഒരു സ്ത്രീ വന്നുകൊണ്ട് പ്രവാചകരെ ഞാൻ എന്നെ താങ്കൾക്ക് സമർപിച്ചിരിക്കുന്നുവെന്ന് പറഞ്ഞ വേളയിൽ ഒരു സ്വഹാബി എഴുന്നേറ്റു നിന്ന് പറയുകയുണ്ടായി: പ്രവാചകരെ, അവളിൽ താങ്കൾക്ക് ആവശ്യമില്ലെങ്കിൽ അവരെ താങ്കളെനിക്ക് വിവാഹം കഴിച്ചു തന്നാലും. അപ്പോൾ റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി:

قال:ﷺ ماذا معك من القرآن؟ قال: معي سورة كذا وكذا، فقال: تقرأهن عن ظهر قلبك؟ قال: نعم، فقال: إذهب فقد ملكتها لما معك من القرآن) (متفق عليه)

'ഖുർആനിൽ നിന്ന് എന്താണ് താങ്കൾക്കറിവുള്ളത്, പറഞ്ഞു: എനിക്ക് ഇന്നയിന്ന സൂറത്തുകളെല്ലാം അറിയാം, അപ്പോൾ ചോദിച്ചു: അത് താങ്കൾക്ക് മന:പാഠമായി പരായണം ചെയ്യാൻ സാധിക്കുമോ? പറഞ്ഞു; അതെ,അവിടുന്ന് പറഞ്ഞു: ഖുർആനിൽ നിന്ന് താങ്കൾക്ക് മന: പാഠമുള്ളതിന് (അതവൾക്ക് പഠിപ്പിച്ച് കൊടുക്കുകയെന്ന മഹ്റിൽ) അവളെ നീ ഉടമപ്പെടുത്തിയിരിക്കുന്നു' (മുത്തഫഖുൻ അലൈഹി).

മരണപ്പെട്ടതിനു ശേഷം മറമാടുമ്പോൾ പോലും ഖുർആനിന്റെയാളുകൾക്ക് പ്രത്യേകതയുണ്ട്.

عن جابر بن عبدالله رضي الله عنهما أن النبي ﷺ كان يجمع بين الرجلين من قتلى أحد، ثم يقول: أيهما أكثر أخذاً للقرآن؟ فإذا أشير الى أحدهما قدّمه في اللحد.. (رواه البخاري)

ജാബിറുബ്നു അബ്ദുല്ലാഹ്(رضي الله عنه)വിൽ നിന്ന് നിവേദനം: (ഉഹ്ദ് യുദ്ധത്തിൽ മരണപ്പെട്ടവരിൽ രണ്ട് വീതമാളുകളെ നബി(ﷺ) ഒരു വസ്ത്രത്തിൽ കഫൻ ചെയ്തിരുന്നു. ആ സമയം പറയാറുണ്ടായിരുന്നു: (ഇവരിൽ ആർക്കാണ് ഖുർആൻ കൂടുതൽ അറിയുക).അവരിൽ ഒരാളെ ചൂണ്ടി കാണിച്ചാൽ ആ വ്യക്തിയെ ഖബറിലേക്ക് മുന്തിപ്പിക്കുമായിരുന്നു. ...). (ബുഖാരി).

ഖുർആനിന്റെ അഹ്ലുകാർക്ക് പിശാചിൽ നിന്നും അവന്റെ കുതന്ത്രങ്ങളിൽ നിന്നും രക്ഷ ലഭിക്കുന്നതാണ്'

قال ﷺ: (إن الشيطان ينفر من البيت الذي تقرأ فيه سورة البقرة) (رواه مسلم)

റസൂലുല്ലാഹ്(ﷺ)പറഞ്ഞു:'നിശ്ചയം സൂറത്തുൽ ബഖറ പാരായണം ചെയ്യുന്ന വീട്ടിൽ നിന്ന് പിശാച് ഓടിപ്പോകുന്നതാണ്' (മുസ്ലിം).

ദജ്ജാലിന്റെ ഫിത്നയിൽ നിന്നും ഖുർആനിന്റെ അഹ്ലുകാർക്ക് രക്ഷ ലഭിക്കുന്നതാണ്.

عن أبي الدرداء رضي الله عنه أن رسول الله ﷺ قال: من حفظ عشر آيات من أول سورة الكهف عصم من الدجال) (رواه مسلم)

അബൂദർദാഅ്(رضي الله عنه)നിവേദനം: റസൂലുല്ലാഹ്(ﷺ)പറഞ്ഞു:'ആരെങ്കിലും സൂറത്തുൽ കഹ്ഫിലെ ആദ്യത്തെ പത്ത് ആയത്തുകൾ ആരെങ്കിലും മന:പാഠമാക്കിയാൽ അവന് ദജ്ജാലിൽ നിന്നും രക്ഷ ലഭിക്കുന്നതാണ്' (മുസ്ലിം).

നാശം വന്നണയുന്ന ഈ ഭൂമിയിൽ വെച്ച് ഖുർആനിന്റെ അഹ്‌ലുകാർക്ക് ലഭിക്കുന്ന ഏതാനും മഹത്വങ്ങളാണിതെല്ലാം. എന്നാൽ എന്നെന്നും നിലനിൽക്കുന്ന പാരത്രിക ലോകത്ത് അവർക്ക് ഉന്നതമായ സ്ഥാനവും, മഹത്വവും, ശ്രേഷ്ടതയും ലഭിക്കുന്നതാണ്.

عن عبدالله بن عمرو بن العاص رضي الله عنهما قال: قال رسول الله ﷺ: يقال لصاحب القرآن اقرأ وارتق ورتل كما كنت ترتل في الدنيا، فإن منزلتك عند آخر آية تقرؤها) (رواه أبو داود والترمذي).

അബ്ദുല്ലാഹ്ബ്നു അംറുബ്നുൽ ആസ്(ﷺ) നിവേദനം: റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'ഖുർആനിന്റെ ആളുകളോടു പറയും, നീ പാരായണം ചെയ്യുക, ദുൻയാവിൽ വെച്ച് പാരായണം ചെയ്ത പോലെ സ്വരമാധുര്യത്തോടെ പാരായണം ചെയ്യുക. അവസാനമായി പാരയണം ചെയ്ത ആയത്തിനടുത്തായിരിക്കും നിന്റെ സ്ഥാനം (പരലോകത്ത്)' (അബൂദാവൂദ്, തിർമിദി).

وعن بريدة ﷺ قال: قال رسول الله ﷺ: من قرأ القرآن وتعلمه وعمل به ألبس يوم القيامة تاجاً من نور ضوؤه مثل ضوء الشمس، ويُكسى والديه حُلتين لا يقوم بهما الدنيا، فيقولان: بم كُسينا؟، فيقال بأخذ ولدكما القرآن) (صححه الحاكم ووافقه الذهبي)

ബുറൈദ(ﷺ) നിവേദനം: റസൂലുല്ലാഹ്(ﷺ) പറഞ്ഞു:'ആരെങ്കിലും ഖുർആൻ പാരായണം ചെയ്യുകയും, പഠിക്കുകയും, അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ അവനെ പരലോകത്ത് പ്രകാശം കൊണ്ടുള്ള കിരീടം അണിയിക്കുന്നതാണ്.അതിന്റെ പ്രകാശം സൂര്യപ്രകാശം പോലെയായിരിക്കും.അവന്റെ മാതാപിതാക്കളെ രണ്ട് ഉടയാടകൾ അണിയിക്കും, ദുൻയാവ് പോലും അവക്ക് പകരമാവില്ല, അപ്പോൾ മാതാപിതാക്കൾ ചോദിക്കും: എന്ത്കൊണ്ടാണ് ഞങ്ങളെ ഇത് അണിയിച്ചത്? അപ്പോൾ പറയും: നിങ്ങളുടെ സന്താനം ഖുർആനിനെ സ്വീകരിച്ചതുകൊണ്ട്' (ഹാഖിം ഈ ഹദീഥ് സ്വഹീഹാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്, അതിനോട് ദഅബി യോജിച്ചിട്ടുമുണ്ട്).

عن أبي هريرة ﷺ قال: قال رسول الله ﷺ: يجيء القرآن يوم القيامة فيقول: يا رب حَلّهِ، فيلبس تاج الكرامة، ثم يقول: يا رب زده، فيلبس حُلة الكرامة، ثم يقول: يا رب ارض عنه، فيرضى عنه، فيقال: اقرأ وارق، ويزداد بكل آية حسنة) (رواه الترمذي)

അബൂഹുറയ്റ(ﷺ) നിവേദനം: റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'അവസാന നാളിൽ ഖുർആൻ വന്നുകൊണ്ടു പറയും: എന്റെ രക്ഷിതാവെ, അവനെ അണിയിക്കുക, അങ്ങിനെ 'താജുൽ കറാമ' (ആദരവിന്റെ കിരീടം) അണിയിക്കും, ശേഷം പറയും: എന്റെ രക്ഷിതാവെ, അവന് വർദ്ധിപ്പിച്ച് നൽകൂ, അങ്ങിനെ 'കറാമ'യുടെ വസ്ത്രമണിയിക്കും. തുടർന്ന് പറയും: എന്റെ രക്ഷിതാവെ, അവനെ തൃപ്തിപ്പെടുക, അവനെ തൃപ്തിപ്പെടുന്നു. പിന്നെ പറയപ്പെടും: നീ പാരായണം ചെയ്യുക, ഓരോ ആയത്തിനും നന്മകൾ അധികരിപ്പിക്കുകയും ചെയ്യും'(തിർമിദി).

പരലോകത്ത് ജനങ്ങൾ വെപ്രാളത്തിൽ കഴിയുമ്പോൾ ഖുർആനിന്റെ അഹ്ലുകാർ നിർഭയരായിരിക്കും, ജനങ്ങൾ ഭയക്കുമ്പോൾ അവർ സമാധാനമുള്ളവരായിരിക്കും.അല്ലാഹുവിന്റെ കാരുണ്യത്തിനു ശേഷം അവരുടെ ശുപാർശകർ ഖുർആനായിരിക്കും, അവിടെ അവരുടെ വഴികാട്ടിയും, നേതാവും ഖുർആനിക സൂറത്തുകളായിരിക്കും'

عن أبي أمامةﷺ قال: قال رسول اللهﷺ:اقرؤا القرآن، فإنه يأتي يوم القيامة شفيعاً لأصحابه) (رواه مسلم)

അബൂ ഉമാമ(ﷺ) നിവേദനം: റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക, കാരണം അവസാന നാളിൽ ഖുർആൻ അതിന്റെ ആളുകൾക്ക് ശുപാർശക്കാരായി വരുന്നതാണ്' (മുസ്ലിം).

وقالﷺ: يؤتى يوم القيامة بالقرآن، وأهله الذين يعملون به، تقدمهم سورة البقرة وآل عمران، تحاجان عن صاحبهما) (رواه مسلم).

റസൂലുല്ലാഹ്(ﷺ)പറഞ്ഞു:'അവസാന നാളിൽ ഖുർആനിനെ കൊണ്ടുവരും, അതനുസരിച്ച് പ്രവർത്തിച്ചവരെയും, അവരുടെ മുന്നിൽ സൂറത്തുൽബഖറയും,സൂറത്തു ആലുഇംറാനുമുണ്ടായിരിക്കും,അവ രണ്ടും തങ്ങളുടെ ആളുകളെ കുറിച്ചു വാദിച്ചുകൊണ്ടിരിക്കും...'(മുസ്ലിം).

**നമ്മുടെ ബാധ്യത;**

നമുക്ക് ഖുർആനിനോട് ഒരുപാട് ബാധ്യതകളുണ്ട്.

അതിൽ ഒന്ന് ഖുർആനിനെ കുറിച്ച് അഹ്ലുസ്സുന്നത്തി വൽ ജമാഅ: എന്ത് വിശ്വസിച്ചുവോ അത് നാമും വിശ്വസിക്കുക.

അത്, ഖുർആൻ ഉന്നതനും പ്രതാപവാനുമായ അല്ലാഹുവിന്റെ കലാമാകുന്നു, അത് അല്ലാഹുവിൽ നിന്ന് അവതരിച്ചതാണ്. ഖുർആൻ സൃഷ്ടിയല്ല. അല്ലാഹുവിൽ നിന്ന് ആരംഭിക്കുകയും അവനിലേക്ക് തന്നെ മടങ്ങുകയും ചെയ്യും.അല്ലാഹുവിന്റെ സംസാരിച്ച കലാമാകുന്നു ഖുർആൻ, റസൂൽ(ﷺ)ക്ക് അവതരിപ്പിച്ച അവന്റെ വഹ്‌യുമാണത്. അതിന്റെ അക്ഷരങ്ങളും ആശയങ്ങളും അല്ലാഹുവിന്റേതാണ്, ജിബ്‌രീൽ(عليه السلام) മുഖേനയാണ് അവസാന പ്രവാചകനായ മുഹമ്മദ്(ﷺ)ക്ക് അത് അവതരിച്ചത്.

വിശുദ്ധ ഖുർആനിന് നൽകേണ്ട സ്ഥാനം നൽകുകയെന്നതും അതിന്റെ അവകാശത്തിൽ പെട്ടതാണ്. അതിനെ ആദരിക്കലും, മഹത്വരമാക്കലും അതിനോടുള്ള സ്നേഹത്തിന്റെ പൂർത്തീകരണമാകുന്നു, അത് നമ്മുടെ രക്ഷിതാവിന്റെ കലാമാണ്, അതിനെ ഇഷ്ടപ്പെടൽ അത് പറഞ്ഞവനെ ഇഷ്ടപ്പെടലുമാകുന്നു.

قال ابن عباس رضي الله عنه: ( من كان يحب أن يعلم أنه يحب الله فليعـرض نفسـه على القـرآن، فإن أحب القرآن فهو يحب الله، فإنما القرآن كلام الله)

ഇബ്നു അബ്ബാസ്(رضي الله عنه) പറഞ്ഞു: 'ആരെങ്കിലും അല്ലാഹു തന്നെ ഇഷ്ടപ്പെടുന്നുവോ എന്നറിയാൻ സ്വന്തത്തെ ഖുർആനുമായി പരിശോധിക്കട്ടെ. അവൻ ഖുർആനിനെ ഇഷ്ടപ്പെടുന്നുവെങ്കിൽ അല്ലാഹു അവനെ ഇഷ്ടപ്പെടുന്നതാണ്, കാരണം ഖുർആൻ അല്ലാഹുവിന്റെ കലാമാകുന്നു'. (ത്വബ്റാനി).

ഖുർആനിനെ പഠിക്കലും, പഠിപ്പിക്കലും, അതിലേക്ക് ക്ഷണിക്കലും അതിന്റെ അവകാശത്തിൽ പെട്ടതാകുന്നു:

قال ﷺ خيركم من تعلم القرآن وعلمه) (رواه البخاري).

റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'നിങ്ങളിൽ ഉത്തമർ ഖുർആൻ പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നവരാകുന്നു' (ബുഖാരി).

അല്ലാഹുവിലേക്ക് അടുക്കുവാനുള്ള ഏറ്റവും നല്ല മാർഗവും, ഏറ്റവും നല്ല ആരാധനയുമാകുന്നു...

ആയതിനാൽ ഖുർആൻ തജ്‌വീദോടെ പാരായണം ചെയ്യുവാനും, പഠിക്കാനും, അതിന്റെ ഓരോ അക്ഷരങ്ങളും കൃത്യമായി ഉച്ചരിക്കാനും പഠിക്കുവാൻ പരിശ്രമിക്കുക...

قالﷺ:(الماهر بالقرآن مع السفرة الكرم البررة، والذي يقرأ القرآن ويتتعتع فيه وهو عليه شـاق له أجران) (رواه مسلم)

റസൂലുല്ലാഹി(ﷺ) പറഞ്ഞു: 'ഭംഗിയായി ഖുർആൻ പാരായണം ചെയ്യുന്നവൻ ഉന്നതരായ മലക്കുകളോടൊപ്പമായിരിക്കും, തപ്പിത്തടഞ്ഞ് പ്രയാസപ്പെട്ട് ഖുർആൻ പാരായണം ചെയ്യുന്നവന് രണ്ട് പ്രതിഫലമുണ്ട്' (മുസ്‌ലിം).

ഒരു മനുഷ്യൻ മുസ്‌ലിമായി തന്നെ ജീവിച്ച് വയോവൃദ്ധനായിട്ടും ഖുർആൻ പാരായണം ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ അതിനേക്കാൾ വലിയ നിന്ദ്യത മറ്റെന്തുണ്ട്?

അറിവില്ലാതെ പറയുന്നതും, സ്വന്തം അഭിപ്രായത്തിനനുസരിച്ച് പ്രവർത്തിക്കുന്നതും കരുതിയിരിക്കുക. അബൂബക്കർ(ﷺ)വിനോട് അറിയാത്ത ഒരു ആയത്തിനെ കുറിച്ചു ചോദിച്ചപ്പോൾ പറയുന്നത് ശ്രദ്ധിക്കുക;

( أي أرض تقلني؟، وأي سماء تظلني؟ إذا قلت في كتاب الله بما لا أعلم)

'അല്ലാഹുവിന്റെ ഗ്രന്ഥത്തെ കുറിച്ച് എനിക്ക് അറിയാത്തത് ഞാൻ പറഞ്ഞാൽ ഏത് ഭൂമിയാണ് എന്നെ വഹിക്കുക, ഏത് ആകാശമാണ് എനിക്ക് തണൽ നൽകുക.'

താങ്കളുടെ മുഖത്തെ അല്ലാഹു നരകത്തിനു ഹറാമാക്കുമാറാവട്ടെ, വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോഴും പഠിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും ഇഖ്‌ലാസോടു കൂടിയാക്കി തീർക്കുവാൻ പരിശ്രമിക്കുകയും അല്ലാഹുവിനോടു സഹായം ചോദിക്കുകയും ചെയ്യുക..

അവസാന നാളിൽ ആദ്യമാദ്യം നരകത്തിൽ വീഴുന്നവരെ കുറിച്ചു വന്ന ഹദീഥ് നാം കാണുക: റസൂലുല്ലാഹ്(ﷺ) പറഞ്ഞു:

(ورجل تعلم العلم وعلمه وقرأ القرآن، فأُتي به فعرّفه نعمه فعرفها. فقال: فما عملت فيها؟ قـال: تعلمت العلم وعلمته، وقرأت فيك القرآن،قال: كذبت، ولكنك تعلمت ليقال: عالم، وقرأت القـرآن ليقال: هو قارئ، فقد قيل، ثم أُمر به فسُحب على وجهه حتى أُلقي في النار....الحديث (رواه مسلم)

'ഒരാൾ പഠിക്കുകയും പഠിപ്പിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും ചെയ്തിട്ടുണ്ട്,അവനെ കൊണ്ടുവരികയും,അവന് നൽകിയ അനുഗ്രഹങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്യും.ശേഷം അവനോടു ചോദിക്കും: അവകൊണ്ട് നീ എന്താണ് പ്രവർത്തിച്ചത്? അവൻ പറയും:

ഞാൻ അറിവ് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു.നിനക്ക് വേണ്ടി ഖുർആൻ പാരായണം ചെയ്യുകയും ചെയ്തു.പറഞ്ഞു: നീ കളവാണ് പറഞ്ഞത്. മറിച്ച് നീ പഠിച്ചത് പണ്ഡിതനാണ് എന്ന് പറയുവാനാണ്, ഖുർആൻ പാരായണം ചെയ്തത് ഖാരിഅ് ആണെന്ന് പറയാൻ വേണ്ടിയാണ്, അതങ്ങനെ പറയപ്പെട്ടു. പിന്നെ അദ്ദേഹത്തെ കൽപിക്കപ്പെടും; മുഖം കുത്തി നരകത്തിൽ വലിച്ചെറിയപ്പെടാൻ...'(മുസ്‌ലിം).

ഖുർആൻ കൃത്യതയോടെ തജ്‌വീദോടെ പാരായണം ചെയ്യുകയെന്നതും ഖുർആനിന്റെ അവകാശത്തിൽ പെട്ടതാകുന്നു. അല്ലാഹു പറയുന്നു:

(إِنَّ الَّذِينَ يَتْلُونَ كِتَابَ اللهِ وَأَقَامُوا الصَّلَاةَ وَأَنفَقُوا مِمَّا رَزَقْنَاهُمْ سِرًّا وَعَلَانِيَةً يَرْجُونَ تِجَارَةً لَّن تَبُورَ) (فاطر:29)

(തീർച്ചയായും അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം കൊടുത്തിട്ടുള്ളതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവരാരോ അവർ ആശിക്കുന്നത് ഒരിക്കലും നഷ്ടം സംഭവിക്കാത്ത ഒരു കച്ചവടമാകുന്നു) (ഫാത്വിർ:29).

അതെ എങ്ങിനെ ആ കച്ചവടം നഷ്ടമാവും, പരിപൂർണമായ ലാഭം മാത്രം.

قال رسول الله ﷺ: من قرأ حرفاً من كتاب الله فله حسنة، والحسنة بعشر أمثالها، لا أقول ﴿ آلـم ﴾ حرف، ولكن ألف حرف، ولام حرف، وميم حرف) (رواه الترمذي)

റസൂലുല്ലാഹ്(ﷺ)പറഞ്ഞു: 'ആരെങ്കിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്ന് ഒരു അക്ഷരം പാരായണം ചെയ്താൽ അവന് ഒരു നന്മയുണ്ട്, ഒരു നന്മക്ക് പത്തിരട്ടി പ്രതിഫലം നൽകും, 'അലിഫ് ലാം മീം' എന്നത് ഒരു അക്ഷരമാണെന്ന് ഞാൻ പറയുന്നില്ല.പക്ഷേ,'അലിഫ്' ഒരു അക്ഷരം, 'ലാം' ഒരു അക്ഷരം, 'മീം' ഒരു അക്ഷരമാകുന്നു'.(തിർമിദി)

ഓരോ ദിവസവും പതിവായി ഖുർആൻ പാരായണം ചെയ്യുവാൻ പരമാവധി പരിശ്രമിക്കുക, അങ്ങിനെ പതിവായി അല്ലാഹുവിന്റെ ഗ്രന്ഥം പരിപൂർണമാക്കാൻ എളുപ്പത്തിൽ സാധിക്കുന്നതാണ്...

ഭയഭക്തിയോടെ ഉറ്റാലോചിച്ച് തജ്‌വീദിന്റെ നിയമങ്ങൾ പാലിച്ച് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വിശദമാക്കുന്ന ആയത്തുകൾ പാരായണം ചെയ്യുമ്പോൾ അത് ചോദിച്ചും, ശിക്ഷയുടെയും താക്കീതിന്റെ

ആയത്തുകൾ പാരായണം ചെയ്യുമ്പോൾ അതിൽ നിന്ന് രക്ഷ ചോദിച്ചും കൃത്യതയോടെ പാരായണം ചെയ്യുക. അതുപോലെ സ്വരമാധുര്യത്തോടെ പാരായണം ചെയ്യുക.

ഖുർആനിൽ ഉൾകൊണ്ട ആശയങ്ങളും, ആദർശങ്ങും എന്താണെന്ന കൃത്യതയാർന്ന രൂപത്തിൽ ചിന്തിച്ച് കൊണ്ട് പാരായണം ചെയ്യുവാനാണ് ഖുർആൻ അവതരിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

(كِتَابٌ أَنزَلْنَاهُ إِلَيْكَ مُبَارَكٌ لِّيَدَّبَّرُوا آيَاتِهِ وَلِيَتَذَكَّرَ أُوْلُوا الْأَلْبَابِ) (ص:29)

(നിനക്ക് നാം അവതരിപ്പിച്ചു തന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചു നോക്കുന്നതിനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി.) (സ്വാദ്:29)

ഒരു മുസ്‌ലിം ഖുർആനിൽ നിന്ന് അൽപമെങ്കിലും മന:പാഠമാക്കേണ്ടതുണ്ട്, കാരണം റസൂലുല്ലാഹ്(ﷺ) പറയുന്നു:

قالﷺ فيهم: إن الذي ليس في جوفه شيء من القرآن كالبيت الخرب (رواه الترمذي)

'ഖുർആനിൽ നിന്ന് അൽപം പോലും മന:പാഠമില്ലാത്തവൻ പൊട്ടിപൊളിഞ്ഞ് നാശമായ വീടു പോലെയാണ്' (തിർമിദി).

ഖുർആൻ ജീവിതത്തിൽ പകർത്തുകയെന്നത് ഐഹികവും പാരത്രികവുമായ ജീവിതത്തിന് നിധാനമാണ്.

عن سمرة بن جندب رضي الله عنه أن النبيﷺ : رأى في منامه رجلاً مضطجعاً على قفاه، ورجل قائم على رأسه بفهر أو صخرة، فيشدخ به رأسه، فإذا ضربه تدهده الحجر، فانطلق إليه ليأخذه فلا يرجع الى هذا حتى يلتئم رأسه وعاد رأسه كما هو، فعاد إليه فضربه.. فسأله عنه.. فقيل له: إنه رجل علمه الله القرآن، فنام عنه بالليل ولم يعمل فيه بالنهار، يفعل به الى يوم القيامة...) (رواه البخاري)

സമുറബ്നു ജുൻദുബ്(رضي الله عنه) നിവേദനം ചെയ്യുന്നു: നബി(ﷺ) ഒരു സ്വപ്നം കാണുകയുണ്ടായി, അങ്ങിനെ ഞങ്ങൾ മുന്നോട്ട് നടന്ന് പിരടിയിൽ ചാരി കിടക്കുന്ന ഒരാളുടെ അടുത്തെത്തി. അപ്പോഴതാ അയാളുടെ ശിരസ്സിനരികിൽ ഒരാൾ വലിയ പാറക്കല്ലുമായി നിൽക്കുകയും, ആ പാറക്കല്ലുകൊണ്ട് ശക്തിയായി തലയിൽ ഇടിക്കുകയും ചെയ്യുന്നു. ഇടിയുടെ ശക്തി കാരണം ആ വലിയ കല്ല് തെറിച്ച് പോവുന്നു. ആ മനുഷ്യൻ കല്ലെടുക്കാൻ പോകുന്നു,കല്ലെടുത്ത് തിരിച്ച് വരുമ്പോഴേക്ക് ആ മനുഷന്റെ (പൊട്ടി നാശമായ) തല ഒരുമിച്ച് കൂടുകയും പഴയത് പോലെയായി തീരുകയും ചെയ്യുന്നു.വീണ്ടും ആ കല്ലുകൊണ്ട്

തലയിൽ ശക്തിയായി ഇടിക്കുന്നു. ഞാൻ ചോദിച്ചു: അതാരാണ്? അയാൾക്ക് അല്ലാഹു ഖുർആൻ പഠിപ്പിച്ച് കൊടുത്തിരുന്നു, പക്ഷേ, അതിനെ (അവഗണിച്ച്) രാത്രിയിൽ ഉറങ്ങുകയും,പകലിൽ അത്കൊണ്ടവൻ പ്രവർത്തിക്കാതിരിക്കുകയും ചെയ്തു. അതിനാൽ തന്നെ അവസാന നാൾ വരെ അവനെ അത്പോലെ ചെയ്തുകൊണ്ടിരിക്കും.). (ബുഖാരി).

നാമും ഇതുപോലെ ഖുർആനിനെ അവഗണിച്ചവരാണോ...? അല്ലാഹു പറയുന്നു:

(وَقَالَ الرَّسُولُ يَا رَبِّ إِنَّ قَوْمِي اتَّخَذُوا هَذَا الْقُرْآنَ مَهْجُوراً ) (الفرقان:30)

(അന്ന്) റസൂൽ പറയും: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ഖുർആനിനെ അഗണ്യമാക്കിതള്ളിക്കളഞ്ഞിരിക്കുന്നു) (ഫുർഖാൻ:30).

ഖുർആനിനെ അവഗണിക്കുകയാണെങ്കിൽ നിശ്ചയമായും പരലോകത്ത് അത് നമുക്ക് എതിരെ സാക്ഷിയായി വരുന്നതാണ്. ആയതിനാൽ സമയമുണ്ട്, തൗബ ചെയ്യുക, ഇസ്തിഗ്ഫാർ നടത്തുക, ഖുർആനിലേക്ക് മടങ്ങുക... അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ, ആമീൻ.

************